**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 571** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പാലക്കാട് എൽ.എ (ജി) നം.2 സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം മുഖേന നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ഒറ്റപ്പാലം ബൈപ്പാസ് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആകെ ഏറ്റെടുക്കേണ്ട 140.93 ആർ.ഭൂമിയിൽ 109:23 ആർ ഭൂമി പാലക്കാട് എൽ.എ (ജി) നം.2 സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം ആർ.ബി.ഡി.സി.കെ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. സാങ്കേതിക കാരണങ്ങളാലും, പാലക്കാട് ജില്ലാ കളക്ടറും, എൽ.എ. ജനറൽ നമ്പർ II സ്പെഷ്യൽ തഹസിൽദാറും കക്ഷികൾ ആയി 26 കേസുകൾ നിലവിൽ ഉള്ളതിനാലുമാണ് സ്ഥലമെടുപ്പ് പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുള്ളത്. |
| (സി) | ഒറ്റപ്പാലം ബൈപ്പാസുമായി ബന്ധപ്പെട്ട് കോടതിയിൽ നിന്നും എന്തെങ്കിലും സ്റ്റേ നിലനിൽക്കുന്നുണ്ടോ; ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 26 കേസുകൾ നിലവിൽ ഉള്ളതും, ടി കേസുമായി ബന്ധപ്പെട്ട പരാതിക്കാരെ വിളിച്ചു വരുത്തി രേഖകൾ ആവശ്യപ്പെടാൻ പാടുള്ളതല്ല എന്നും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതുമാണ്. ടി സാഹചര്യത്തിൽ ഭൂ ഉടമകളെ എൽ.എ ഓഫീസിൽ വിളിച്ചു വരുത്തി രേഖകൾ പരിശോധിച്ചു അവാർഡ് പാസ്സാക്കുവാൻ സാധ്യമല്ല എന്ന് ആർ ബി ഡി സി കെ അറിയിച്ചിട്ടുണ്ട്.. ഇവ പരിഹരിച്ച ശേഷം ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ ലിമിറ്റഡിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണെന്ന് ആർ ബി ഡി സി കെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ